# CO-OPERATIVE ACADEMY OF PROFESSIONAL EDUCATION

C E TRIKARIPUR
Date..... 2-7-19.....

നമ്പർ ഇ2-1890/2019/കേപ്പ്/1385

തിരുവനന്തപുരം
തിയതി: 21.06.2019

## സർക്കുലർ

വിഷയം: കേപ്പിന്റെ സ്ഥാപനങ്ങളിൽ താത്കാലിക ജീവനക്കാരെ നിയമിക്കുന്നതിൽ സംവരണ തത്വം പാലിക്കണമെന്ന ഉത്തരവ് നടപ്പാക്കുന്നത്-സംബന്ധിച്ച്.

സൂചന: കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ ചെയർമാന്റെ 09.10.2018 ലെ 6502/A1/2018/KSCSC&ST നമ്പർ ഉത്തരവ്.

സർക്കാർ വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം നൽകുന്ന സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നടത്തുന്ന നിയമനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങൾക്ക് ബാധകമായ പട്ടികജാതി/പട്ടിക വർഗ്ഗ സംവരണ തത്വങ്ങൾ പാലിച്ച് മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്ന് മേൽ സൂചന പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ ഉത്തരവായിട്ടുള്ളതാണ്.

ആയതിനാൽ, കേപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിൽലേയും താത്ക്കാലിക/കരാർ നിയമനങ്ങളിൽ ഇനിമേൽ നടത്തുന്ന നിയമനങ്ങളിൽ പട്ടികജാതി/പട്ടിക വർഗ്ഗ സംവരണ തത്വം പാലിച്ചിട്ടുണ്ടെന്ന് എല്ലാ സ്ഥാപന മേധാവികളും ഉറപ്പുവരുത്തേണ്ടതും, ആയതിലേക്കായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

സൂചന ഉത്തരവിന്റെ പകർപ്പ് അറിവിലേക്കായി ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ്/-
ഡയറക്ടർ

1. കേപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥപന മേധാവികൾക്കും
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേപ്പ്
3. ഇ1/ഇ2/ഇ3/ഇ4 സെക്ഷൻ കേപ്പ്
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

COBANK Towers, Vikas Bhavan P.O., Thiruvananthapuram – 695 033
Phone (Off) 0471 – 2316236, 2317696 Fax: 0471 – 2310049 email: capekerala@gmail.com